**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 614** **11-06-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചെറുകിട, വൻകിട കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്ന സിമന്റ്, കമ്പി, എം സാന്റ്, ചല്ലി തുടങ്ങി വിവിധയിനം സാധനങ്ങളുടെ വില വർദ്ധനവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വില വർദ്ധനവ് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യ മായ സിമന്റ്, കമ്പി എന്നിവ പ്രധാനമായും ഉത്പാദിപ്പിക്കുന്നത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളാണ്. കെട്ടിട നിർമ്മാണ വസ്തുക്കളിൽ സിമന്റ് ഉപയോഗം വഴി ഉണ്ടാകുന്ന ചെലവ് ആകെ ചെലവിന്റെ ഏകദേശം 5% വരെ മാത്രമാണ്. കേരളത്തിൽ വിൽക്കുന്ന സിമന്റ് ബ്രാൻഡുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ വിപണന പങ്കാളിത്തം 5 ശതമാനത്തോളമാണ്. ഇതര ബ്രാൻറുകളെ അപേക്ഷിച്ച് മലബാർ സിമന്റിന്റെ വിൽപ്പന വില താരതമ്യേന കുറവാണ്. കഴിഞ്ഞ പതിനഞ്ച് വർഷമായി ഈ സ്ഥാപനം സിമന്റ് വില വർദ്ധിപ്പിച്ചിട്ടില്ല. ഏതാനും മാസങ്ങളായി സിമന്റ് വിലയിൽ ഗണ്യമായ ഇടിവ് നേരിടുകയാണ്.<br><br>കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്ന പാറയുടെയും പാറ ഉത്പന്നങ്ങളുടെയും വില വ്യപകമായി വർദ്ധിപ്പിക്കുന്നു എന്ന് പരാതികൾ ഉയർന്നതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കലക്ടർമാർ, ജില്ലാ ജിയോളജിസ്റ്റമാർ എന്നിവരുടെ നേതൃത്വത്തിൽ ക്വാറി, ക്രഷർ ഉടമകളുമായി ചർച്ച ചെയ്തു പാറയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും വില അതതു ജില്ലകളിൽ ഏകീകരിച്ച നിശ്ചയിച്ചതു കൊണ്ട് പ്രസ്തുത ഉത്പന്നങ്ങളുടെ വില വർദ്ധനവ് നിയന്ത്രിയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | കെട്ടിട നിർമ്മാണത്തിന് ആവശ്യമായ എം സാന്റ്, ചല്ലി, പി സാന്റ് തുടങ്ങിയവയ്ക്ക് വില്പനക്കാർ തോന്നിയതുപോലെ വില ഈടാക്കി വില്ക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സാധനങ്ങൾക്ക് അടിസ്ഥാന വില്പന വില | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | നിശ്ചയിച്ച് ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ